പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3089

15.2.2013- ൽ
മറുപടിക്ക്

## കയർ തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വം

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളി ക്ഷേമ നിധിയിൽ പുതുതായി എത്ര പേർക്ക് അംഗത്വം നൽകി; വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6/2011 മുതൽ 12/2012 വരെയുള്ള കാലയളവിൽ ആകെ 16,278 പേർക്ക് പുതുതായി അംഗത്വം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇവരിൽ നിന്നും എത്രവർഷത്തെ അംശാദായം മുൻകൂറായി വാങ്ങിയിട്ടുണ്ട്; ഇങ്ങനെ എന്തുതുക ക്ഷേമ നിധി ബോർഡിന് അധികമായി ലഭിച്ചുവെന്ന് അറിയിക്കാമോ; | (ബി) മേൽ സൂചിപ്പിച്ച തൊഴിലാളികൾ സൗകര്യാർത്ഥം അവരുടെ കഴിവിനനുരിച്ച് സ്വമേധയാ മുൻകൂറായി അംശാദായം അടച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ചുരുക്കം ചിലരിൽ നിന്നും 2015 വരെയുള്ള അംശാദായം ലഭിച്ചിട്ടുണ്ട്. ഈ വിധത്തിൽ അംശദായം മുൻകൂറായി അടയ്ക്കുന്നതല്ലാതെ അധികമായി പണം ബോർഡിന് ലഭിച്ചിട്ടില്ല. |
| (സി)ക്ഷേമനിധി ബോർഡിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ; | (സി) ക്ഷേമനിധിയിൽ അംഗമായി ചേർക്കുന്നതിന് വില്ലേജ് ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി നൽകുന്ന കയർ തൊഴിലാളിയാണെന്ന സാക്ഷ്യപത്രം/ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ ഉടമയുടെ - സർട്ടിഫിക്കറ്റ് ഇവയോടൊപ്പം, വയസ്സു തെളിയിക്കുന്ന |

| | |
|---|---|
| | തിനുള്ള സർട്ടിഫിക്കറ്റ്, രണ്ട് ഫോട്ടോ, ക്ഷേമനിധി വിഹിതം എന്നിവ സ്വീകരിച്ച് അംഗത്വം നൽകുന്നു. |
| (ഡി)അംശാദായം മുൻകൂറായി വാങ്ങുന്ന നടപടി അവസാനിപ്പിക്കുമോ; വ്യാജ അംഗത്വം നേടിയവരുടെ അംഗത്വം റദ്ദാക്കുമോ; | (ഡി) തൊഴിലാളികളുടെ സൗകര്യം മുൻനിർത്തി ക്ഷേമനിധി വിഹിതം മുൻകൂറായി സ്വീകരിച്ചില്ലായെങ്കിൽ തൊഴിലാളികൾക്ക് വിഹിതം കുടിശ്ശിക വരുവാനും ഇതുമൂലം ധനസഹായങ്ങൾ ലഭിക്കാതിരിക്കാനും കാരണമാകും. വ്യാജഅംഗത്വം നേടിയിട്ടുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ)അംശാദായം വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ എത്രരൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | (ഇ) ഉണ്ട്. അംശാദായം പ്രതിമാസം 20/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്. ഇത് വിശദമായി പരിശോധിച്ചു വരുന്നു. |
| (എഫ്)ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) ഇപ്പോൾ പരിഗണനയിലില്ല. |
| (ജി)എം.ബി.എ., എം.സി.എ., ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾ പ്രൊഫഷണൽ കോഴ്സിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) പ്രൊഫഷണൽ കോഴ്സിൽ ഉൾപ്പെടുത്തി ഇപ്പോൾ തന്നെ ആനുകൂല്യം നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

## ഹെഡ് ഓഫീസ്, ആലപ്പുഴ

ഫോൺ: 0477-2251577, 0477-2251499

CWB/S1/23/2010

**6/2011 മുതൽ 12/2012 വരെ കയർ തൊഴിലാളി ക്ഷേമനിധിയിൽ പുതുതായി അംഗത്വം നേടിയവരുടെ വിശദ വിവരം**

(സൂചന:- CP9/1030/13)

| ക്രമ നം | ഓഫീസ് | സ്വയം തൊഴിലാളി കളുടെ എണ്ണം | മറ്റു കയർ തൊഴിലാളി കളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | ചിറയിൻകീഴ് | 0 | 748 | 748 |
| 2 | കൊല്ലം | 56 | 862 | 918 |
| 3 | തൃക്കുന്നപ്പുഴ | 833 | 1012 | 1845 |
| 4 | ആലപ്പുഴ | 4591 | 912 | 5503 |
| 5 | ചേർത്തല | 4805 | 77 | 4882 |
| 6 | വൈക്കം | 497 | 182 | 679 |
| 7 | വടക്കൻ പറവൂർ | 217 | 200 | 417 |
| 8 | കോഴിക്കോട് | 623 | 663 | 1286 |
| | ആകെ | 11622 | 4656 | 16278 |

(signature)

സെക്ഷൻ ഓഫീസർ